| 10-02-2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ- നിങ്ങൾക്ക് ബാബയിലൂടെ ലഭിച്ചുകൊണ്ടിരിക്കുന്ന അദ്വൈത മതത്തിലൂടെ നടന്ന് കലിയുഗീ മനുഷ്യരെ, സത്യയുഗീ ദേവതയാക്കുവാനുള്ള ശ്രേഷ്ഠ കർത്തവ്യം ചെയ്യണം.**

**ചോദ്യം –** എല്ലാ മനുഷ്യരും ദുഖിതരായി മാറുന്നതെന്തുകൊണ്ടാണ്, അതിന്റെ മുഖ്യ കാരണമെന്താണ്?
**ഉത്തരം –** രാവണൻ എല്ലാവർക്കും ശാപം നൽകിയിരിക്കുകയാണ്, അതുകൊണ്ടാണ് എല്ലാവരും ദുഖിതരായി മാറിയിരിക്കുന്നത്. ബാബ സമ്പത്ത് നൽകി, രാവണൻ ശാപം നൽകി – ഇത് പോലും ലോകത്തിന് അറിയുകയില്ല. ബാബ സമ്പത്ത് നൽകിയപ്പോഴാണ് ഭാരതവാസികൾ ഇത്രയും സുഖിയായ സ്വർഗ്ഗത്തിന്റെ അധികാരിയായി മാറിയത്, പൂജ്യരായത്. ശപിക്കപ്പെടുന്നതിലൂടെ പൂജാരിയായി മാറുന്നു.

**ഓം ശാന്തി.** കുട്ടികൾ ഇവിടെ മധുബനിൽ ബാപ്ദാദയുടെ അടുത്ത് വന്നിരിക്കുകയാണ്. ഹാളിൽ വരുമ്പോൾ, ആദ്യം സഹോദരി-സഹോദരന്മാർ ഇരിക്കുന്നത് കാണുന്നു പിന്നീട് ബാപ്ദാദ വരുന്നത് കാണുമ്പോൾ ബാബയുടെ ഓർമ്മ വരുന്നു. നിങ്ങൾ പ്രജാപിതാ ബ്രഹ്മാവിന്റെ കുട്ടികളാണ്, ബ്രാഹ്മണനും ബ്രാഹ്മണിയും. ആ ബ്രാഹ്മണർക്കാണെങ്കിൽ ബ്രഹ്മാബാബയെ അറിയുകപോലുമില്ല. നിങ്ങൾ കുട്ടികൾക്കറിയാം – ബാബ എപ്പോഴാണോ വരുന്നത് അപ്പോൾ തീർച്ചയായും ബ്രഹ്മാ-വിഷ്ണു-ശങ്കരനും വേണം. പറയാറുമുണ്ട് ത്രിമൂർത്തി ശിവ ഭഗവാനുവാച. ഇപ്പോൾ മൂന്ന് പേരിലൂടെയും സംസാരിക്കുകയില്ലല്ലോ. ഈ കാര്യങ്ങളെല്ലാം നല്ല രീതിയിൽ ബുദ്ധിയിൽ ധാരണ ചെയ്യണം. പരിധിയില്ലാത്ത ബാബയിൽ നിന്നും തീർച്ചയായും സമ്പത്ത് ലഭിക്കുന്നു, അതുകൊണ്ട് എല്ലാ ഭക്തരും ഭഗവാനിൽ നിന്നും എന്താണ് ആഗ്രഹിക്കുന്നത്? ജീവൻ മുക്തി. ഇപ്പോൾ ജീവൻ ബന്ധനമാണ്. എല്ലാവരും ബാബയെ ഓർമ്മിക്കുകയാണ് ,വന്ന് ഈ ബന്ധനത്തിൽ നിന്ന് മുക്തമാക്കൂ... ഇപ്പോൾ ബാബ വന്നു കഴിഞ്ഞുവെന്ന് നിങ്ങൾ കുട്ടികൾക്ക് തന്നെയാണ് അറിയുന്നത്. കൽപ കൽപം ബാബ വരുന്നു. വിളിക്കാറുമുണ്ട് – നീ തന്നെയാണ് മാതാവും പിതാവും ......... പക്ഷെ ഇതിന്റെ അർത്ഥമൊന്നും ആരും മനസ്സിലാക്കുന്നില്ല. നിരാകാരനായ ബാബയെക്കുറിച്ച് മനസ്സിലാക്കുന്നു. പാടുന്നുണ്ട് പക്ഷേ ഒന്നും ലഭിക്കുന്നില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ബാബയിൽ നിന്നും സമ്പത്ത് ലഭിക്കുന്നു പിന്നീട് കൽപത്തിന് ശേഷം ലഭിക്കും. ബാബ പകുതി കൽപത്തേക്ക് വന്ന് സമ്പത്ത് നൽകുന്നു, പിന്നീട് രാവണൻ വന്ന് ശാപം നൽകുന്നുവെന്നും കുട്ടികൾക്കറിയാം. നമ്മൾ എല്ലാവരും ശപിക്കപ്പെട്ടവരാണെന്നതും ലോകത്തിലുള്ളവർ അറിയുന്നില്ല. രാവണന്റെ ശാപം നേടിയിരിക്കുകയാണ് അതുകൊണ്ട് എല്ലാവരും ദുഖിതരാണ്. ഭാരതവാസികൾ സുഖികളായിരുന്നു. ഇന്നലെ ഭാരതത്തിൽ ഈ ലക്ഷ്മീ നാരായണന്റെ രാജ്യമായിരുന്നു. ദേവതകളുടെ മുന്നിൽ തല കുനിക്കുന്നു, പൂജ ചെയ്യുന്നു പക്ഷെ ,സത്യയുഗം എപ്പോഴായിരുന്നു, എന്നത് ആർക്കും അറിയുകയില്ല. ഇപ്പോൾ നോക്കൂ ലക്ഷക്കണക്കിന് വർഷത്തിന്റെ ആയുസ്സ് കേവലം സത്യയുഗത്തിന് മാത്രം കാണിച്ചിരിക്കുന്നു, പിന്നെ ത്രേതായുഗത്തിൽ, ദ്വാപര-കലിയുഗത്തിൽ, ആ കണക്കനുസരിച്ച് എത്രയധികം മനുഷ്യരുണ്ടാകും, കേവലം സത്യയുഗത്തിൽത്തന്നെ ഒരുപാട് മനുഷ്യരുണ്ടാകും. ഒരു മനുഷ്യന്റെ പോലും ബുദ്ധിയിലും ഇരിക്കുന്നില്ല. ബാബയിരുന്ന് മനസ്സിലാക്കിത്തരുന്നു, നോക്കൂ ,33 കോടി ദേവതകൾ ഉണ്ടാകുമെന്ന് പാടുന്നുമുണ്ട്. അതൊരിക്കലും ലക്ഷക്കണക്കിന് വർഷം മുമ്പുണ്ടാകുക സാധ്യമല്ല. അതിനാൽ ഇതും മനുഷ്യർക്ക് മനസ്സിലാക്കിക്കൊടുക്കേണ്ടി വരും.

ബാബ നമ്മെ സ്വച്ഛ ബുദ്ധിയുള്ളവരാക്കി മാറ്റുന്നുവെന്ന് നിങ്ങളിപ്പോൾ മനസ്സിലാക്കി. രാവണൻ മ്ലേച്ഛ ബുദ്ധിയുള്ളവരാക്കി മാറ്റുന്നു. മുഖ്യമായ കാര്യമിതാണ്, സത്യയുഗത്തിൽ പവിത്രമാണ്, ഇവിടെ അപവിത്രമാണ്. ഇതും ആർക്കും അറിയുകയില്ല, രാമരാജ്യം എപ്പോൾ മുതൽ എപ്പോൾ വരെയാണ്? രാവണരാജ്യം എപ്പോൾ മുതൽ എപ്പോൾ വരെ ഉണ്ടാകുന്നു? മനസ്സിലാക്കുന്നു, ഇവിടെത്തന്നെയാണ് രാമരാജ്യവും, രാവണരാജ്യവും. അനേക മത മതാന്തരങ്ങളാണല്ലോ. എത്ര മനുഷ്യരുണ്ടോ, അത്രയും അഭിപ്രായങ്ങളും. ഇപ്പോൾ ഇവിടെ നിങ്ങൾ കുട്ടികൾക്ക് ഒരു അദ്വൈത മതം ലഭിച്ചിരിക്കുന്നു അത് ബാബ തന്നെയാണ് നൽകുന്നത്. നിങ്ങളിപ്പോൾ ബ്രഹ്മാവിലൂടെ ദേവതയായി മാറിക്കൊണ്ടിരിക്കുന്നു. ദേവതകളുടെ മഹിമ പാടപ്പെടുന്നുണ്ട്-സർവ്വ ഗുണസമ്പന്നൻ, 16 കലാ സമ്പൂർണ്ണൻ ...... എങ്കിലും അവരും മനുഷ്യരാണ്, എന്താ മനുഷ്യരുടെ മഹിമ പാടുമോ? തീർച്ചയായും വ്യത്യാസമുണ്ടാകുമല്ലോ. ഇപ്പോൾ നിങ്ങൾ കുട്ടികളും നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് മനുഷ്യനെ ദേവതയാക്കി മാറ്റുന്നതിനുള്ള കർത്തവ്യം പഠിക്കുന്നു. കലിയുഗീ മനുഷ്യരെ നിങ്ങൾ സത്യയുഗീ ദേവതയാക്കുന്നു അഥവാ ശാന്തിധാമത്തിന്റെയും, ബ്രഹ്മാണ്ഡത്തിന്റെയും, വിശ്വത്തിന്റെയും അധികാരിയാക്കി മാറ്റുന്നു, ഇതാണെങ്കിൽ ശാന്തിധാമല്ലല്ലോ.

ഇവിടെയാണെങ്കിൽ തീർച്ചയായും കർമ്മം ചെയ്യേണ്ടതുണ്ട്. അത് സ്വീറ്റ് സൈലൻസ് ഹോമാണ്. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നു, നമ്മൾ ആത്മാക്കൾ സ്വീറ്റ് ഹോമിന്റെ, ബ്രഹ്മാണ്ഢത്തിന്റെ അധികാരികളാണ്. അവിടെ സുഖ-ദുഖത്തിൽ നിന്നും വേറിട്ടിരിക്കുന്നു. പിന്നീട് സത്യയുഗത്തിൽ വിശ്വത്തിന്റെ അധികാരിയാകുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾ യോഗ്യരായി മാറിക്കൊണ്ടിരിക്കുകയാണ്. ലക്ഷ്യം കൃത്യമായി മുന്നിൽ നിൽക്കുന്നുണ്ട്. നിങ്ങൾ കുട്ടികൾ യോഗബലമുള്ളവരാണ്. അവർ ബാഹുബലമുള്ളവരാണ്. നിങ്ങളും യുദ്ധമൈതാനത്തിലാണ്, പക്ഷെ നിങ്ങൾ ഡബിൾ അഹിംസകരാണ്. അവർ ഹിംസകരാണ്. ഹിംസയെന്ന് കാമത്തെയാണ് പറയുന്നത്. സന്യാസിമാരും ഇത് ഹിംസയാണെന്ന് മനസ്സിലാക്കുന്നു.അതുകൊണ്ട് പവിത്രമായി മാറുന്നു. പക്ഷെ നിങ്ങൾക്കല്ലാതെ വേറെയാർക്കും ബാബയോട് പ്രീതിയില്ല. പ്രിയതമൻ-പ്രിയതമയുടെ പ്രീതിയുണ്ടല്ലോ. ആ പ്രിയതമനും പ്രിയതമയുമാണെങ്കിൽ ഒരു ജന്മത്തേയ്ക്കാണ് പാടപ്പെടുന്നത്. നിങ്ങളെല്ലാവരും പ്രിയതമനായ എന്റെ പ്രിയതമകളാണ്. ഭക്തിമാർഗ്ഗത്തിൽ ഒരേയൊരു പ്രിയതമനായ എന്നെ ഓർമ്മിച്ചു വന്നു. ഇപ്പോൾ ഞാൻ പറയുന്നു, ഈ അന്തിമ ജന്മം കേവലം പവിത്രമായി മാറുകയും യഥാർത്ഥ രീതിയിൽ ഓർമ്മിക്കുകയുമാണെങ്കിൽ പിന്നീട് ഓർമ്മിക്കുന്നതിൽ നിന്ന് നിങ്ങൾ മുക്തമാകും. സത്യയുഗത്തിൽ ഓർമ്മിക്കേണ്ടതിന്റെ ആവശ്യം തന്നെയുണ്ടായിരിക്കില്ല. ദുഖത്തിൽ എല്ലാവരും ഓർമ്മിക്കുന്നു. ഇത് നരകമാണ്. ഇതിനെ സ്വർഗ്ഗമെന്ന് പറയുകയില്ലല്ലോ. വലിയ ധനവാനായിരിക്കുന്നവർ ഇത് തന്നെയാണ് തങ്ങളുടെ സ്വർഗ്ഗമെന്ന് മനസ്സിലാക്കുന്നു. വിമാനം മുതലായ എല്ലാ വൈഭവങ്ങളുമുണ്ട്, എത്ര അന്ധവിശ്വാസത്തിലാണിരിക്കുന്നത്. പാടുന്നുമുണ്ട് നീ തന്നെയാണ് മാതാവും പിതാവും ...... പക്ഷെ ഒന്നും മനസ്സിലാക്കുന്നില്ല. ധാരാളം സുഖം ലഭിച്ചത് ആരിൽ നിന്നാണ് – ഇത് ആരും അറിയുന്നില്ല. പറയുന്നത് ആത്മാവാണല്ലോ. നമുക്ക് ധാരാളം സുഖം ലഭിക്കുന്നുവെന്ന് നിങ്ങൾ ആത്മാക്കൾ മനസ്സിലാക്കുന്നു. അതിന്റെ പേര് തന്നെ സ്വർഗ്ഗം, സുഖധാമം എന്നാണ്. സ്വർഗ്ഗം എല്ലാവർക്കും വളരെ മധുരമായും അനുഭവപ്പെടുന്നു. സ്വർഗ്ഗത്തിൽ വജ്രങ്ങളുടെയും, രത്നങ്ങളുടെയും എത്ര കൊട്ടാരങ്ങളുണ്ടായിരുന്നുവെന്ന് നിങ്ങളിപ്പോൾ അറിയുന്നു. ഭക്തിമാർഗ്ഗത്തിലും അളവറ്റ ധനമുണ്ടായിരുന്നു, അതുകൊണ്ടാണ് സോമനാഥക്ഷേത്രം ഉണ്ടാക്കിയിരിക്കുന്നത്. ഓരോ ഓരോ ചിത്രവും ലക്ഷങ്ങൾ വിലയുള്ളതായിരുന്നു. അതെല്ലാം എവിടെപ്പോയി? എത്രയാണ് മോഷ്ടിച്ചുകൊണ്ടു പോയത്!..... ഇത്രയും അളവറ്റ ധനമുണ്ടായിരുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട് ,നമ്മൾ ബാബയിലൂടെ വീണ്ടും സ്വർഗ്ഗത്തിന്റെ അധികാരിയാവുകയാണ്. നമ്മുടെ കൊട്ടാരം സ്വർണ്ണത്തിന്റേതായിരിക്കും. വാതിലുകളിൽ പോലും വജ്രം പതിച്ചിട്ടുണ്ടായിരിക്കും. ജൈനന്മാരുടെ ക്ഷേത്രങ്ങൾ പോലും അങ്ങിനെ ഉണ്ടാക്കപ്പെട്ടതാണ്. മുമ്പ് ഉണ്ടായിരുന്ന വജ്രം മുതലായവയൊന്നും തന്നെ ഇപ്പോഴില്ലല്ലോ. ഇപ്പോൾ നിങ്ങൾക്കറിയാം, നമ്മൾ ബാബയിൽ നിന്നും സ്വർഗ്ഗത്തിന്റെ സമ്പത്ത് എടുത്തുകൊണ്ടിരിക്കുകയാണ്. ശിവബാബ വരുന്നത് തന്നെ ഭാരതത്തിലാണ്. ഭാരതത്തിനും ശിവഭഗവാനിൽ നിന്ന് സ്വർഗ്ഗത്തിന്റെ സമ്പത്ത് ലഭിക്കുന്നു. ക്രിസ്റ്റ്യൻസും പറയുന്നു ക്രിസ്തുവിന് 3000 വർഷം മുമ്പ് ഭാരതം സ്വർഗ്ഗമായിരുന്നു. രാജ്യം ഭരിച്ചിരുന്നതാരാണ്? ഇത് ആർക്കും അറിയുകയില്ല. ബാക്കി ഈ ഭാരതം വളരെ പഴയതാണെന്ന് മനസ്സിലാക്കുന്നു. അപ്പോൾ സ്വർഗ്ഗമായിരുന്നത് ഇത് തന്നെയല്ലേ. ബാബയെ ഹെവൻലി ഗോഡ് ഫാദർ അഥവാ സ്വർഗ്ഗം സ്ഥാപിക്കുന്ന അച്ഛൻ എന്ന് പറയുകയും ചെയ്യുന്നു. തീർച്ചയായും അച്ഛൻ വന്നുകഴിയുമ്പോൾ നിങ്ങൾ സ്വർഗ്ഗത്തിന്റെ അധികാരിയായി മാറും. ഓരോ 5000 വർഷങ്ങൾക്കു ശേഷവും സ്വർഗ്ഗത്തിന്റെ അധികാരിയായി മാറുന്നു പിന്നീട് അരക്കൽപത്തിനുശേഷം രാവണ രാജ്യം ആരംഭിക്കുന്നു. ലക്ഷക്കണക്കിന് വർഷത്തിന്റെ കാര്യങ്ങൾ ബുദ്ധിയിൽ നിന്നും പുറത്ത് പോകുന്ന തരത്തിൽ ചിത്രങ്ങളിൽ അത്രക്ക് വ്യക്തമായി കാണിക്കൂ. ലക്ഷ്മീനാരായണൻ ഒന്നു മാത്രമല്ല, ഇവരുടെ രാജവംശവും ഉണ്ടാകുമല്ലോ, പിന്നീട് അവരുടെ കുട്ടികൾ രാജാവായി മാറും. അനേകം രാജാക്കന്മാർ ഉണ്ടാകുമല്ലോ. മുഴുവൻ മാലയും ഉണ്ടാക്കപ്പെട്ടതാണ്. മാലയേയും സ്മരിക്കുന്നുണ്ടല്ലോ. ആരാണോ ബാബയുടെ സഹായിയായി മാറി സർവ്വീസ് ചെയ്യുന്നത് അവരുടെ മാലയാണ് ഉണ്ടാക്കുന്നത്. ആരാണോ മുഴുവൻ ചക്രത്തിലും വന്ന്, പൂജ്യനും പൂജാരിയുമാകുന്നത് അവരുടെ ഓർമ്മചിഹ്നമാണിത്. നിങ്ങൾ പൂജ്യനിൽ നിന്നും പൂജാരിയായി മാറുമ്പോൾ പിന്നീട് നിങ്ങളുടെ മാലയെ ഇരുന്ന് പൂജിക്കുന്നു. ആദ്യം മാലയിൽ കൈ വെച്ച് പിന്നെ ശിരസ്സ് നമിക്കും. പിന്നീട് മാല കറക്കാൻ തുടങ്ങുന്നു. നിങ്ങളും മുഴുവൻ ചക്രവും കറങ്ങുന്നു അതിനു ശേഷം ശിവബാബയിൽ നിന്നും സമ്പത്ത് നേടുന്നു. ഈ രഹസ്യം നിങ്ങൾ തന്നെയാണ് അറിയുന്നത്. മനുഷ്യരാണെങ്കിൽ പലരും പലരുടെയും പേരിൽ മാല കറക്കുന്നു. ഒന്നും തന്നെ അറിയുകയുമില്ല. ഇപ്പോൾ നിങ്ങൾക്ക് മാലയുടെ മുഴുവൻ ജ്ഞാനവുമുണ്ട്, വേറെ ആർക്കും ഈ ജ്ഞാനമില്ല. ഇത് ആരുടെ മാലയാണ് കറക്കുന്നതെന്ന് ക്രിസ്റ്റ്യൻസ് മനസ്സിലാക്കുന്നില്ല. ആരാണോ ബാബയുടെ സഹായിയായി മാറി സർവ്വീസ് ചെയ്യുന്നത് അവരുടെതാണ് ഈ മാല. ഈ സമയം എല്ലാവരും പതിതമാണ്, ആരാണോ പാവനമായിരുന്നത് അവർ എല്ലാവരും ഇവിടെ വന്ന് വന്ന് ഇപ്പോൾ പതിതമായി മാറിയിരിക്കുന്നു, പിന്നീട് നമ്പർക്രമമായി എല്ലാവരും പോകും. നമ്പർക്രമമായി വരുന്നു, നമ്പർക്രമമായി

പോകുന്നു. വളരെയധികം മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ഇത് വൃക്ഷമാണ്. ശാഖകളും ഉപശാഖകളും, മഠങ്ങളും ആശ്രമങ്ങളുമാണ്. ഇപ്പോൾ ഈ മുഴുവൻ വൃക്ഷവും നശിക്കാനുള്ളതാണ്, പിന്നീട് നിങ്ങളുടെ ഫൗണ്ടേഷൻ സ്ഥാപിക്കും. നിങ്ങളാണ് ഈ വൃക്ഷത്തിന്റെ ഫൗണ്ടേഷൻ. അതിൽ സൂര്യവംശിയും ചന്ദ്രവംശിയും രണ്ടുമുണ്ട്. സത്യ-ത്രേതായുഗത്തിൽ ആരാണോ രാജ്യം ഭരിച്ചിരുന്നത്, അവരുടെ ധർമ്മം ഇപ്പോഴില്ല, കേവലം ചിത്രമുണ്ട്. ആരുടെ ചിത്രമാണോ ഉള്ളത് അവരുടെ ജീവചരിത്രം അറിയണമല്ലോ. പറയുന്നു ഈ വസ്തു ലക്ഷം വർഷം പഴക്കമുള്ളതാണ്. ഇപ്പോൾ വാസ്തവത്തിൽ പഴയതിലും പഴയത് ആദി സനാതന ദേവീ ദേവതാധർമ്മമാണ്. അതിനും മുൻപ് യാതൊരു വസ്തുവും ഉണ്ടാവുക സാധ്യമല്ല. ബാക്കി എല്ലാം 2500 വർഷം പഴക്കമുള്ള വസ്തുക്കളായിരിക്കും, താഴെ നിന്ന് കുഴിച്ചെടുക്കുകയാണല്ലോ. ഭക്തിമാർഗ്ഗത്തിൽ പൂജ ചെയ്യുന്ന ആ പഴയ ചിത്രം മണ്ണിൽ നിന്നും പുറത്തെടുത്തതാണ്, കാരണം ഭൂമികുലുക്കത്തിൽ ക്ഷേത്രങ്ങൾ മുതലായവയെല്ലാം തകർന്നു പോയിരുന്നു പിന്നീട് പുതിയത് ഉണ്ടാക്കുന്നു. വജ്രങ്ങളുടെയും, സ്വർണ്ണത്തിന്റെയും ഖനികളും ഇപ്പോൾ കാലിയായിക്കഴിഞ്ഞു, അത് വീണ്ടും അവിടെ നിറയും. ഈ എല്ലാ കാര്യങ്ങളും നിങ്ങളുടെ ബുദ്ധിയിലുണ്ടല്ലോ. ബാബ ലോകത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും മനസ്സിലാക്കിത്തരുന്നു. സത്യയുഗത്തിൽ വളരെക്കുറച്ച് മനുഷ്യരേ ഉണ്ടായിരിക്കുകയുള്ളൂ പിന്നീട് വൃദ്ധി ഉണ്ടാകുന്നു. എല്ലാ ആത്മാക്കളും പരംധാമത്തിൽ നിന്ന് വന്നു കൊണ്ടിരിക്കുന്നു. വന്ന് വന്ന് വൃക്ഷം വലുതാകുന്നു. പിന്നീട് എപ്പോഴാണോ വൃക്ഷം ജീർണ്ണിച്ച അവസ്ഥ പ്രാപിക്കുന്നത് അപ്പോൾ രാമനും പോയി രാവണനും പോയി എന്ന് പറയുന്നു, അവരുടേത് വലിയ പരിവാരമാണ്. അനേക ധർമ്മമുണ്ടല്ലോ. നമ്മുടെ പരിവാരം എത്ര ചെറുതാണ്. ഇത് കേവലം ബ്രാഹ്മണരുടെ മാത്രം പരിവാരമാണ്. എത്രയധികം ധർമ്മങ്ങളാണ്, ജനസംഖ്യ മാറുമല്ലോ. അതെല്ലാം രാവണ സമ്പ്രദായമാണ്. ബാക്കി കുറച്ച് അവശേഷിക്കും. രാവണ സമ്പ്രദായം പിന്നീട് സ്വർഗ്ഗത്തിൽ വരില്ല, എല്ലാവരും മുക്തിധാമത്തിലിരിക്കും. ബാക്കി നിങ്ങൾ ആരാണോ പഠിക്കുന്നത് അവർ നമ്പർക്രമമായി സ്വർഗ്ഗത്തിൽ വരും.

ആ നിരാകാരി വൃക്ഷം എങ്ങിനെയാണെന്ന് ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കി, ഇത് മനുഷ്യസൃഷ്ടിയുടെ വൃക്ഷമാണ്. ഇത് നിങ്ങളുടെ ബുദ്ധിയിലുണ്ട്. പഠിപ്പിൽ ശ്രദ്ധിച്ചില്ലായെങ്കിൽ പരീക്ഷയിൽ തോറ്റുപോകും. പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണെങ്കിൽ സന്തോഷവും ഉണ്ടാവും. അഥവാ വികാരത്തിൽ വീണാൽ പിന്നെ ബാക്കി ഇതെല്ലാം മറന്നു പോകും. ആത്മാവ് എപ്പോഴാണോ പവിത്ര സ്വർണ്ണമാകുന്നത് അപ്പോൾ അതിൽ നല്ല രീതിയിൽ ധാരണ ഉണ്ടാകും. സ്വർണ്ണപ്പാത്രമുണ്ടാക്കുന്നത് പവിത്രമായ സ്വർണ്ണത്തിലാണ് . അഥവാ ആരെങ്കിലും പതിതമാവുകയാണെങ്കിൽ ജ്ഞാനം കേൾപ്പിക്കുവാൻ സാധിക്കുകയില്ല. ഇപ്പോൾ നിങ്ങൾ മുന്നിലിരിക്കുകയാണ്, ഗോഡ്ഫാദർ ശിവബാബ നമ്മൾ ആത്മാക്കളെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണെന്ന് അറിയുന്നു. നമ്മൾ ആത്മാക്കൾ ഈ അവയവങ്ങളിലൂടെ കേട്ടുകൊണ്ടിരിക്കുകയാണ്. പഠിപ്പിക്കുന്ന ആൾ ബാബയാണ്, ഇങ്ങനെയൊരു പാഠശാല മുഴുവൻ ലോകത്തിലും എവിടെയാണുണ്ടാവുക. ബാബ ഗോഡ്ഫാദറാണ്, ടീച്ചറുമാണ്, സദ്ഗുരുവുമാണ്, എല്ലാവരെയും തിരിച്ച് കൊണ്ടുപോവുകയും ചെയ്യും. ഇപ്പോൾ നിങ്ങൾ ബാബയുടെ സന്മുഖത്തിരിക്കുകയാണ്. സന്മുഖത്തിരുന്ന് മുരളി കേൾക്കുന്നതിൽ എത്ര വ്യത്യാസമാണ്. ഈ ടേപ്പ് റിക്കോർഡർ വന്നതോടെ എല്ലാവരുടെ അടുത്തും ഒരേ ദിവസം എത്തിച്ചേരും. കുട്ടികളുടെ സുഖത്തിന് വേണ്ടിയാണ് ബാബ ഇങ്ങനെയുള്ള വസ്തുക്കളെല്ലാം ഉണ്ടാക്കിക്കുന്നത്. അത്ര വലിയ കാര്യമൊന്നുമല്ലല്ലോ. ഇത് കറുത്ത ചക്രവർത്തിയാണല്ലോ. ആദ്യം വെളുത്തതായിരുന്നു, ഇപ്പോൾ കറുത്തതായി മാറിയിരിക്കുന്നു അതിനാലാണ് ശ്യാമ സുന്ദരൻ എന്ന് പറയുന്നത്. നിങ്ങൾക്കറിയാം നമ്മൾ സുന്ദരനായിരുന്നു, ഇപ്പോൾ ശ്യാമനായിരിക്കുന്നു വീണ്ടും സുന്ദരമാകും. എന്തുകൊണ്ടാണ് കേവലം ഒരാൾ മാത്രമായത്? ഒരാളെ മാത്രം സർപ്പം കടിക്കുമോ? മായയെയാണല്ലോ സർപ്പമെന്ന് പറയുന്നത്. വികാരത്തിൽ പോകുന്നത് കൊണ്ട് കറുത്തതായി മാറുന്നു. വളരെയധികം മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. പരിധിയില്ലാത്ത ബാബ പറയുന്നു ഗൃഹസ്ഥ വ്യവഹാരത്തിലിരുന്നും ഈ അന്തിമ ജന്മം എനിക്കുവേണ്ടി പവിത്രമാകൂ. കുട്ടികളോട് ഈ ഭിക്ഷ യാചിക്കുകയാണ്. താമരപ്പൂവിന് സമാനം പവിത്രമാകൂ, എന്നെ ഓർമ്മിക്കുകയാണെങ്കിൽ ഈ അന്തിമ ജന്മത്തിലും പവിത്രമാകും ഓർമ്മയിലിരിക്കുന്നതുകൊണ്ട് മുൻജന്മങ്ങളിലെ വികർമ്മവും വിനാശമാകും. ഇത് യോഗാഗ്നിയാണ്, ഇതിലൂടെ ജന്മ-ജന്മാന്തരത്തിലെ പാപം ഭസ്മമാകുന്നു. സതോപ്രധാനത്തിൽ നിന്നും സതോ, രജോ, തമോയിൽ വരുന്നത് കൊണ്ട് കല കുറഞ്ഞുപോകുന്നു. അഴുക്ക് പിടിക്കുന്നു. ഇപ്പോൾ ബാബ പറയുന്നു കേവലം എന്നെ മാത്രം ഓർമ്മിക്കൂ. ബാക്കി വെള്ളത്തിന്റെ നദികളിലെല്ലാം സ്നാനം ചെയ്യുന്നതുകൊണ്ട് പാവനമാകുന്നില്ല. വെള്ളവും തത്വമാണല്ലോ. 5 തത്വമെന്ന് പറയപ്പെടുന്നു. ഈ നദികൾക്കെങ്ങനെ പതിത പാവനിയാകാൻ സാധിക്കും. നദികളെല്ലാം സാഗരത്തിൽ നിന്ന് പുറപ്പെടുന്നതാണ്. ആദ്യം സാഗരം പതിതപാവനനായിരിക്കണമല്ലോ. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും, പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുളള മുഖ്യമായ സാരം

1. വിജയമാലയിൽ വരുന്നതിനുവേണ്ടി ബാബയുടെ സഹായിയായി മാറി സർവ്വീസ് ചെയ്യണം. ഒരു പ്രിയതമനുമായി സത്യമായ പ്രീതി വെയ്ക്കണം. ഒന്നിനെ മാത്രം ഓർമ്മിക്കണം.

2. തന്റെ കൃത്യമായ ലക്ഷ്യത്തെ മുന്നിൽ വെച്ച് പൂർണ്ണമായ പുരുഷാർത്ഥം ചെയ്യണം. ഡബിൾ അഹിംസകരായി മാറി മനുഷ്യനെ ദേവതയാക്കുന്നതിനുള്ള ശ്രേഷ്ഠ കർത്തവ്യം ചെയ്തുകൊണ്ടിരിക്കണം.

## വരദാനം- വിജയിയായി മാറുന്നതിന്റെ ലഹരിയിലൂടെ സദാ ഹർഷിതരായി ഇരുന്നുകൊണ്ട്,സർവ്വആകർഷണങ്ങളിൽനിന്നും മുക്തരാകുന്നവരായി ഭവിക്കട്ടെ.

വിജയീരത്നങ്ങളുടെ ഓർമ്മചിഹ്നമായാണ് ബാബയുടെ കഴുത്തിലെ മാലക്ക് ഇപ്പോഴും പൂജ ലഭിക്കുന്നത്.അതിനാൽ സദാ ഈ ലഹരിയുണ്ടാകണം,നമ്മൾ ബാബയുടെ കഴുത്തിലെ മാലയാണ്,നമ്മൾ വിശ്വത്തിന്റെ അധികാരിയുടെ മക്കളാണ്...നമുക്കെന്താണോ ലഭിച്ചത് അത് മറ്റാർക്കും ലഭിക്കുകയില്ല....ഈ ലഹരിയും, സന്തോഷവും സ്ഥായിയായി നിൽക്കുകയാണെങ്കിൽ ഏത് പ്രകാരത്തിലുമുള്ള ആകർഷണങ്ങളിൽ നിന്നും ഉപരിയായി നിൽക്കാനാവും.ആരാണോ സദാ വിജയികൾ,അവർ സദാ ഹർഷിതരായിരിക്കുകയും,ഒരേയൊരു ബാബയുടെ ഓർമ്മയിൽ മാത്രം ആകർഷിതതരായി ഇരിക്കുകയും ചെയ്യും.

## സ്ലോഗൻ - ഒരേയൊരു ബാബയുടെ ഓർമ്മയിൽ മുഴുകുക എന്നാൽ ഏകാന്തവാസിയാകുക എന്നാണർത്ഥം.

**അവ്യക്ത സൂചന-**സമയത്തെ സമീപത്തേക്ക് കൊണ്ടുവരണം,ആത്മാക്കൾക്ക് മുക്തി നൽകണം- ഇപ്പോൾ എല്ലാവരും ചേർന്ന് പരസ്പരം ധൈര്യത്തോടെ ഈ സങ്കൽപങ്ങൾ എടുക്കണം,സങ്കൽപിക്കുന്ന കാര്യങ്ങളുടെ സ്മൃതിസ്വരൂപമായി മാറുമ്പോൾ മാത്രമേ ഇത് സാധ്യമാവുകയുള്ളൂ.എവിടെയാണോ ഐക്യവും,ദൃഢതയുമുള്ളത് അവിടെ അസാധ്യമായതുപോലും,സാധ്യമായി മാറുകതന്നെ ചെയ്യും.